ഉത്തരം

(എ) ആസ്ഥാനം എറണാകുളത്തേക്ക് മാറ്റുന്നതിന് ഉത്തരവായി.

(ബി) ഉണ്ട്. കാർഷികാദായ നികുതി/വില്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർമാന്റെ ചുമതല വഹിക്കുന്നത് വാറ്റ് ട്രൈബ്യൂണൽ ചെയർമാനാണ്. ടിയാന്റെ ആസ്ഥാനം എറണാകുളമാണ്. അതിനാലാണ് കാർഷികാദായ നികുതി/വില്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ആസ്ഥാനം കൂടി എറണാകുളത്തേക്ക് മാറ്റിയത്. സമീപ ഭാവിയിൽ കെ. ജി. എസ്. ടി. കേസുകൾ അവസാനിക്കുന്നതിനാലും തിരുവനന്തപുരത്ത് അഡീഷണൽ ബഞ്ച് നിലനിൽക്കുന്നതിനാലും വ്യാപാരികൾക്ക് ഇതുമൂലം ബുദ്ധിമുട്ടൊന്നും ഉണ്ടാവുന്നില്ല.

(സി) പ്രസ്തുത ട്രൈബ്യൂണലിൽ ഉള്ള അംഗങ്ങളുടെ എണ്ണവും അവർ ആരൊക്കെയെന്നും താഴെ കൊടുക്കുന്നു.

1. ചെയർമാൻ - ഒഴിവാണ്.
2. മെമ്പർ (ഡിപ്പാർട്ട്മെന്റൽ) - (പി. ശിവസുധാദേവി)-1 എണ്ണം
3. മെമ്പർ (അക്കൗണ്ട്സ്) - ഒഴിവാണ്

## വാണിജ്യ നികുതി വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

179. [3172] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ എത്ര പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 87 തസ്തികകൾ പുതുതായി വാണിജ്യ നികുതി വകുപ്പിൽ അനുവദിച്ചിട്ടുണ്ട്

(ബി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ

180. [3173] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ട്രഷറി നിക്ഷേപങ്ങൾക്ക് എത്ര തവണ പലിശ ഉയർത്തിയിട്ടുണ്ട്;

(ബി) ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനുള്ള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly